ഉത്തരം

(എ) അഷറഫിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളുടെ പേരുകൾ താഴെ ചേർക്കുന്നു:

1. അബ്ദുൽ ഖാദർ, 2. സാബുഖാൻ, 3. കഹാർ, 4. ജുനൈദ്, 5. മുഹമ്മദ് കുഞ്ഞ്, 6. സൈനുദ്ദീൻ, 7. ഷമീർഖാൻ, 8. അൻസാർ, 9. ഷരീഫ്, 10. ജാഫറുദ്ദീൻ, 11. നൗഷാദ്, 12. മുഹമ്മദ് അമീർ, 13. അൻസാറുദ്ദീൻ, 14. അൻവറുദ്ദീൻ, 15. മുഹമ്മദ് ഹലീഫ്, 16. ഷഫീക്ക്

ഇത് സംബന്ധിച്ച് അഞ്ചൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 237/02 യു/എസ് 120(ബി), 143, 147, 148, 427, 460, 302 ആന്റ് 149 ഐ. പി. സി. ആന്റ് സെക്ഷൻ 3 ആന്റ് 5 ഓഫ് എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പ്രതികളുടെ പേരിൽ 8-12-2003-ൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് ഹാജരാക്കിയിട്ടുള്ളതുമാണ്.

(ബി) എൻ. ഡി. എഫ്. പ്രവർത്തകരായ അബ്ദുൾ ഖാദറിനെയും കൂട്ടാളികളെയും പ്രതിയാക്കി അഞ്ചൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 152/04 യു/എസ്. 436 ഐ. പി. സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തു. പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ടി കേസിൻമേൽ അന്വേഷണം തുടർന്നു വരുന്നു.

(സി) കേസ് എടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ചടയമംഗലം പോലീസ് സ്റ്റേഷൻ ക്രൈം 148/04 യു/എസ് 143, 147, 149 ആന്റ് 436 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻ. ഡി. എഫ്. പ്രവർത്തകരും അനുഭാവികളും ആയ അബ്ദുൽ ഖാദർ, സൈനുദ്ദീൻ, സാബുഖാൻ, മറ്റ് കണ്ടാലറിയാവുന്ന മൂന്നു പേരും കൂടി ശ്രീ. ഷംസുദ്ദീന്റെ ആയൂരിലുള്ള ഇലക്ട്രോണിക്സ് കട തീ കത്തിച്ച തിൽ വച്ച് ആവലാതിക്കാരന് ആറു ലക്ഷത്തി പതിനാലായിരം രൂപയുടെ നഷ്ടം ഉണ്ടായി. പ്രതികൾ എല്ലാവരും ഒളിവിലാണ്. ടിയാൻമാരെപ്പറ്റി ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(ഡി) എൻ. ഡി. എഫ്.-ന്റെ നേതൃത്വത്തിൽ അക്രമ സംഭവങ്ങൾ ഇപ്പോൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശക്തമായ റെയ്ഡുകളും, പട്രോളിംഗും നടത്തി അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

പേരയം പഞ്ചായത്തിലെ കൂട്ടമരണത്തെ സംബന്ധിച്ച് അന്വേഷണം

65 [3447] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ, പേരയം പഞ്ചായത്തിൽ മുളവന, പള്ളിയറയിൽ 25-6-2004-ൽ 5 പേരുടെ കൂട്ടമരണത്തിനിടയായ സംഭവത്തെക്കുറിച്ച് ദുരൂഹതകൾക്ക് ഇടനൽകുന്നതിനാൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനകം പോലീസ് നടത്തിയ അന്വേഷണത്തിൽ എന്തെങ്കിലും തെളിവുകൾ ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കുണ്ടറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മുളവന, പള്ളിയറ എന്ന സ്ഥലത്ത് 25-6-2004 പള്ളിയാപുത്തൻ വീട്ടിൽ താമസിച്ചുവന്നിരുന്ന ഗ്രേസിക്കുട്ടി, അവരുടെ ഭർത്താവ് മോനച്ചൻ ഇവരുടെ മൂന്നു കുട്ടികൾ എന്നിവരെ 25-6-2004 വൈകിട്ട് 3 മണിയോടുകൂടി മരിച്ചുകിടക്കുന്നതായി കാണപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ട ഗ്രേസിക്കുട്ടിയുടെ സഹോദരൻ ശ്രീ. സുമന്റെ മൊഴി ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുണ്ടറ പോലീസ് സ്റ്റേഷനിൽ ക്രൈം 434/04, സെക്ഷൻ 174 സി. ആർ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷിച്ചു വരികയുമാണ്.

(ബി) ഇതുവരെയുള്ള അന്വേഷണത്തിൽ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. കേസ് ഊർജ്ജിതമായി അന്വേഷിക്കുന്നുണ്ട്.

അലനല്ലൂർ ഷൈലജയുടെ തിരോധാനത്തെക്കുറിച്ചന്വേഷണം

66 [3448] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലനല്ലൂർ 111 വില്ലേജിലെ മുങ്ങകുട്ടത്ത് താമസക്കാരിയായ ഷൈലജ എന്ന സ്ത്രീയെ കഴിഞ്ഞ ആറുമാസമായി കാണാനില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയത്;

(സി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) അന്വേഷണത്തിന്റെ താല്ക്കാലിക റിപ്പോർട്ട് വിശദമാക്കാമോ;

(ഇ) ഇതേക്കുറിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തണമെന്ന് ആക്ഷൻ കൗൺസിലിന്റെ ആവശ്യം ഗവൺമെന്റ് പരിഗണിക്കുന്നുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംഭവത്തെക്കുറിച്ച് നാട്ടുകൽ പി. എസ്. ക്രൈം. 7/04/ യു/സി. മേൻ മിസ്സിംഗ് ആയി 23-1-2004-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നാട്ടുകൽ എ. എസ്. ഐ. അന്വേഷണം നടത്തി വരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly